പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 584 — 10/7/2012- ൽ മറുപടിയ്ക്ക്

പഞ്ചായത്തുകൾതോറും പൊതുശ്മശാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് :<br>ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ :<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | പൊതുശ്മശാനം സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 12-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ ശ്മശാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിഷ് ക്കർഷിച്ചിട്ടുണ്ട്. |
| (ബി) എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം സ്ഥാപിച്ചു കഴിഞ്ഞു; | (ബി) | സംസ്ഥാനത്തെ 507 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ഇവ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് എന്നാണ് നൽകിയത്; എന്തു തുകയുടെ ധനസഹായമാണ് സ്ഥലമെടുപ്പിനും അനുബന്ധ പ്രവൃത്തികൾക്കുമായി അനുവദിച്ചത്; ഈ തുക പര്യാപ്തമാണോ; വിശദാംശം നൽകുമോ ; | (സി) | പതിനൊന്നാം പദ്ധതികാലയളവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ശുചിത്വ പദ്ധതി തയ്യാറാക്കണമെന്നും അതിൽ ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനുള്ള പരിപാടി ഉണ്ടായിരിക്കണമെന്നും പതിനൊന്നാം പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 490 ലക്ഷം രൂപ 50 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക 2011-12 സാമ്പത്തിക വർഷ |

ത്തിൽ ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുശ്മശാന നിർമ്മാണത്തിന് ഒരു ഗ്രാമ പഞ്ചായത്തിന് പരമാവധി 10 ലക്ഷം രൂപയാണ് സർക്കാർ ധനസഹായമായി ലഭ്യമാക്കുന്നത്. പ്രസ്തുത തുകയോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കൂടി ഉൾപ്പെടുത്തിയാണ് പൊതുശ്മശാനം നിർമ്മിക്കുന്നത് അതിനാൽ തനത് ഫണ്ട് കുറവായ ഗ്രാമപഞ്ചായത്തുകൾക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ പ്രയാസങ്ങൾ നേരിടുന്നു.

(ഡി) ശ്മശാനം സ്ഥാപിക്കുന്നതിന് മുഖ്യതടസ്സമായി നിൽക്കുന്ന വിഷയം എന്താണ്; ആയത് ഫലപ്രദമായി പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) സ്ഥലവാസികളുടെ എതിർപ്പും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുമാണ് ശ്മശാനം സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മുഖ്യ ഘടകങ്ങൾ. ആയത് ഫലപ്രദമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ